LIBRARY ARCHIVES Kerala Legislative Assembly

പുതിയ റേഷൻ കടകൾ

188(3071) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കടകൾ തുടങ്ങുന്നതിന് എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) നിലവിൽ പുതിയ റേഷൻ കടകൾ തുടങ്ങുന്നതിനായി സമീപസ്ഥമായ കടകളിലെ കാർഡുകളുടെ എണ്ണം 400-ൽ കുറയാതെ പുതിയതായി തുടങ്ങുന്ന കടയ്ക്ക് കുറഞ്ഞത് 400 കാർഡ് ലഭിക്കേണ്ടതാണ്. എന്നാൽ തീരെ ഗതാഗത സൗകര്യമില്ലാത്തിടത്തും, പട്ടികവർഗ്ഗ മേഖലകളിലും ആവശ്യമായ ഇളവുകൾ നൽകി പുതിയ കടകൾ അനുവദിക്കുന്നുണ്ട്.

(ബി) പൊതുവിതരണ ശൃംഖല എല്ലാ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുകയും എല്ലാ വിഭാഗം ജനങ്ങൾക്കും ഇതിന്റെ പ്രയോജനം ലഭ്യമാക്കി വിലക്കയറ്റം നിയന്ത്രിക്കുകയും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുകയും ചെയ്യുക.

(സി) പുതിയ റേഷൻ കട അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെയും സിവിൽ സപ്ലൈസ് ഡയറക്ടറുടെ ശിപാർശയുടെയും അടിസ്ഥാനത്തിൽ കേരള റേഷനിംഗ് ഓർഡറിലെ വ്യവസ്ഥകൾക്ക് അനുസൃതമായി പുതിയ റേഷൻ കടകൾ അനുവദിച്ച് നൽകുന്നു.

പുതിയ റേഷൻ ഷോപ്പ്

189(3072) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട പഞ്ചായത്തിലെ ചേരിയത്ത് പുതിയ റേഷൻ ഷോപ്പ് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ജനസാന്ദ്രത വളരെ കൂടുതലുള്ള ചേരിയത്ത് ഒരു പുതിയ റേഷൻ ഷോപ്പ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) മങ്കട പഞ്ചായത്തിലെ ചേരിയത്ത് പുതിയ റേഷൻ ഷോപ്പ് അനുവദിക്കണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചു വരുന്നു.

പുതിയ മാവേലി മെഡിക്കൽ സ്റ്റോറുകൾ

190(3073) ശ്രീ. എ. റ്റി. ജോർജ് :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. ജോസഫ് വാഴയ്ക്കൻ :

ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ മാവേലി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) നിലവിൽ സപ്ലൈകോയുടെ കീഴിൽ കേരളത്തിലുടനീളം 102 മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനമൊട്ടാകെ പുതിയ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നു. സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ എണ്ണം കുറവുള്ള വടക്കൻ കേരളത്തിൽ മെഡിക്കൽ സ്റ്റോർ ശൃംഖല വ്യാപിപ്പിക്കുന്നതിനായി അനുയോജ്യമായ സ്ഥലങ്ങളിൽ പൊതുപ്രവർത്തകരുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ആശുപത്രികളുടെയും സഹകരണത്തോടെ അനുയോജ്യമായ കെട്ടിടം കണ്ടെത്തുന്നതിനും മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. അനുയോജ്യമായ സ്ഥലത്ത് സപ്ലൈകോയ്ക്ക് സാമ്പത്തിക ബാധ്യത ഉണ്ടാക്കാതെ പ്രവർത്തിക്കുവാൻ സാധിക്കുന്ന സ്ഥലങ്ങളിൽ കെട്ടിടം ലഭിക്കുന്ന മുറയ്ക്ക് മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചുവരുന്നു.

(ബി) കൂടുതൽ പ്രദേശങ്ങളിലെ പൊതുജനങ്ങൾക്ക് പ്രയോജനപ്രദമായ രീതിയിൽ പരമാവധി വിലക്കുറവിൽ ഗുണനിലവാരമുള്ള മരുന്നുകൾ ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായിട്ടാണ് സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ

LIBRARY ARCHIVES Kerala Legislative Assembly